"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - സംസ്ഥാന വിവരാവകാശ കമ്മീഷണറുടെ നിയമനം -വിവരാവകാശ നിയമം 2005 വകുപ്പ് 15(3) പ്രകാരം കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.871/2026/GAD തീയതി,തിരുവനന്തപുരം, 23-02-2026

---

പരാമർശം:- 16/08/2025, 18/09/2025 എന്നീ തിയതികളിലെ CDN5/103/2025-GAD നമ്പർ വിജ്ഞാപനം.

**ഉത്തരവ്**

സംസ്ഥാന വിവരാവകാശ കമ്മീഷനിലെ, വിവരാവകാശ കമ്മീഷണറുടെ നിലവിലുള്ള ഒരു ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിനായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പരാമർശ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

2. വിവരാവകാശ നിയമം 2005, വകുപ്പ് 15(3) പ്രകാരം ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായും, പ്രതിപക്ഷ നേതാവും, ബഹു.മുഖ്യമന്ത്രി നാമനിർദ്ദേശം ചെയ്യുന്ന ഒരു ക്യാബിനറ്റ് മന്ത്രിയും ഉൾപ്പെട്ട കമ്മിറ്റിയുടെ ശിപാർശയിന്മേൽ ബഹു.ഗവർണറാണ്, വിവരാവകാശ കമ്മീഷണറുടെ നിയമനം നടത്തുന്നത്.

3. വിവരാവകാശ നിയമം 2005, വകുപ്പ് 15(3)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം സർക്കാരിൽ ലഭ്യമായ അപേക്ഷകരിൽ നിന്ന് യോഗ്യരായവരെ വിവരാവകാശ കമ്മീഷണറായി ശിപാർശ ചെയ്യുന്നതിലേയ്ക്കായി ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ബഹു.പ്രതിപക്ഷ നേതാവ്, ബഹു.നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

ബഹു.ഗവർണറുടെ സെക്രട്ടറി, ലോക്ഭവൻ, തിരുവനന്തപുരം
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.പ്രതിപക്ഷ നേതാവിന്റെ പി.എസ്.-ന്
ബഹു.നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
ചീഫ് സെക്രട്ടറിയുടെ ഓ എസ് ഡി ക്ക്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (CDN5/103/2025-GAD)

ഉത്തരവിൻ പ്രകാരം

Signed by

Sabu T K

Date: 23-02-2026 10:43:54